**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.281 — 04.06.2018 ൽ മറുപടിക്ക്

## നികുഷ്ഠ പദ്ധതി

| ചോദ്യം<br><br>ശ്രീമതി സി.കെ. ആശ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ ഇപ്പോഴുള്ള കുഷ്ഠ രോഗികളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | 2018 ഏപ്രിൽ 30 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിന്ന് 145 പി ബി രോഗികളും 547 എം ബി രോഗികളും ഉൾപ്പടെ 692 കുഷ്ഠരോഗികൾ ചികിത്സ എടുത്തുവരുന്നു |
| (ബി) | 2017-18 കാലഘട്ടത്തിൽ പുതിയതായി എത്ര രോഗികളെ കണ്ടെത്തി എന്ന് വ്യക്തമാക്കുമോ; | (ബി) | 192 പി ബി രോഗികളും 328 എം ബി രോഗികളും ഉൾപ്പടെ 520 കുഷ്ഠരോഗികൾ 2017 -18 കാലഘട്ടത്തിൽ പുതുതായി കണ്ടെത്തി ചികിത്സക്ക് വിധേയമാക്കുകയുണ്ടായി. |
| (സി) | കേരളത്തിൽ "നികുഷ്ഠ പദ്ധതി"നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് നികുഷ്ഠ(NIKUSHTH ) പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായി വരുന്നു. ജില്ലാ തലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനുള്ള പരിശീലനം നൽകുകയുണ്ടായി. പാലക്കാട്, ഇടുക്കി ജില്ലകൾ ഒഴികെ മറ്റ ജില്ലകളിൽ ബ്ലോക്ക് തലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി കഴിഞ്ഞു. പാലക്കാട്, ഇടുക്കി ജില്ലകളിൽ പരിശീലനം ഉടൻ പൂർത്തിയാകുന്നതാണ്. കൂടാതെ നികുഷ്ഠ(ഓൺലൈൻ റിപ്പോർട്ടിങ് സിസ്റ്റം)സുഗമമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലാ ലെപ്രസി യൂണിറ്റിനും കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങി നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ കുഷ്ഠരോഗ നിയന്ത്രണ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നികുഷ്ഠ ഓൺലൈൻ റിപ്പോർട്ടിങ് സിസ്റ്റം നടപ്പിലാക്കുന്നത്.കേന്ദ്ര വിഭാഗത്തിൽ ഓൺലൈൻ റിപ്പോർട്ടിങ് സിസ്റ്റത്തിലെ |

| | | | |
|---|---|---|---|
| | | | സർവർ പ്രശ്നങ്ങൾ കാരണം ഡാറ്റ എൻട്രി കുറ്റമറ്റ രീതിയിൽ നടത്തുവാൻ സാധിച്ചിട്ടില്ല.സർവറിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് 2018 ഏപ്രിൽ 1 മുതലുള്ള online reporting കാര്യക്ഷമമായി നടത്തുന്നതാണ്.ഇത് സംബന്ധിച്ച കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ നിർദേശം കാത്തിരിക്കുകയാണ്. |
| (ഡി) | ഈ മേഖലയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ; | (ഡി) | 21 അസിസ്റ്റന്റ് ലെപ്രസി ഓഫീസർമാരും 55 നോൺ മെഡിക്കൽ സൂപ്പർവൈസർമാരും ഉൾപ്പടെ 76 ജീവനക്കാർ ദേശീയ കുഷ്ഠരോഗ നിർമാർജ്ജന പരിപാടിയിൽ ജോലി ചെയ്യുന്നു. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 (ലെപ്രസി)യുടെ ഒരു തസ്തികയും അസിസ്റ്റന്റ് ലെപ്രസി ഓഫീസർമാരുടെ 3 തസ്തികകളും ഒഴിഞ്ഞു കിടക്കുന്നു.ഇതിനു പുറമെ സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെപ്രസി ഓഫീസറും , ജില്ലാ തലത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ചാർജുള്ള 14 ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരും ഈ പ്രോഗ്രാമിന്റെ ചുമതലകൾ നിർവഹിച്ചു വരുന്നു. |
| (ഇ) | കോട്ടയം ജില്ലയിൽ 2015,2016,2017,2018 എന്നീ വർഷങ്ങളിൽ എത്ര പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ഇ) | കോട്ടയം ജില്ലയിൽ 2015 ൽ 13 ഉം ,2016 ൽ 18 ഉം ,2017 ൽ 14 ഉം , 2018 ൽ 19 ഉം പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ